പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3671

17.10.2011- ൽ
മറുപടിക്ക്

## കയർ തൊഴിലാളികൾക്ക് പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി ഇപ്പോൾ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; 2011-12 വർഷത്തിൽ കയർ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (എ) കയർ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്രത്യേകമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പദ്ധതിയാണ് "ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിനും കയർ സഹകരണ സംഘങ്ങൾക്കുമുള്ള ധനസഹായം". എന്നാൽ കയർ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആത്യന്തിക ലക്ഷ്യം കയർ തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നതാണ്. 2011-12 വർഷം കയർ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ വിവരിക്കുന്നു.<br>1. വിപണനം, പ്രചരണ പരിപാടികൾ, വ്യാപാര മേളകൾ മുതലായവയ്ക്കും ഷോറൂമുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം<br>2. കയറും കയർ ഉൽപ്പന്നങ്ങളുടെയും വിൽപനയ്ക്കുള്ള വിപണന വികസന സഹായം ( 50% സംസ്ഥാന വിഹിതം)<br>3. ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിനും കയർ സഹകരണ സംഘങ്ങൾക്കുമുള്ള ധനസഹായം ( ഫ്ളാഗ് ഷിപ്പ് പരിപാടി)<br>4. കയർ ഭൂവസ്ത്ര വികസന പരിപാടി<br>5. കയർ സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും നടത്തുന്ന കേന്ദ്രങ്ങൾക്കുള്ള ഗ്രാന്റ് |

| | |
|---|---|
| | 6. കയർ മേഖലയിലെ സംരംഭകർക്കുള്ള മാർജിൻമണി വായ്പ<br>7. ജീവനക്കാർക്കുള്ള ക്ഷേമ പദ്ധതികൾ<br>8. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം<br>9. പരിശീലനവും മാനേജ്മെന്റ് മെച്ചപ്പെടുത്തലും<br>10. കയർഫെഡ്, ഫോമിൽ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നിവയ്ക്കുള്ള ധനസഹായം<br>11. ഉൽപ്പാദനവും വിപണന പ്രചോദനവും<br>12. കയർ ഫെഡിന്റെ പുനഃസംഘടനയും/ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃക്രമീകരണവും (ഫ്ളാഗ്ഷിപ്പ് പരിപാടി)<br>13. കയർ മേഖലയ്ക്ക് അപ്പക്സ് ബോഡി<br>14. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട്<br>15. കയർ തൊഴിലാളികൾക്കുള്ള കടാശ്വാസ പദ്ധതി<br>16. കേരള കയർ മാറ്റിംഗ്സ് കൺസോർഷ്യം/ മാർക്കറ്റിംഗ് കമ്പനി<br>17. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം<br>18. കയർ മേഖലയിലെ ക്ലസ്റ്റർ വികസന പരിപാടി<br>19. കയർ ഭവൻ കെട്ടിട നിർമ്മാണം |
| (ബി) കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളിൽ ഗണ്യമായ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊഴിലില്ലാതെ വരുന്ന സമയങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വഴി ഇവർക്ക് തൊഴിൽ ലഭ്യമാക്കാൻ ആവശ്യമായ നടപടി | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊണ്ട് സംഭരണം, കയർ പിരി മേഖല എന്നിവ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ട്. |

| | |
|---|---|
| സ്വീകരിക്കാമോ; | |
| (സി) ആറ്റിങ്ങൽ മണ്ഡലത്തിൽ എത്ര കയർ സഹകരണ സംഘങ്ങൾ നിലവിലുണ്ട്; ഇതിന്റെ പേരുകൾ വിശദമാക്കാമോ? | (സി) ആറ്റിങ്ങൽ മണ്ഡലത്തിൽ താഴെപ്പറയുന്ന 12 കയർ സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്.<br><br>1. അകത്തുമുറി സി വി സി എസ് ലി. നം. 303<br>2. വക്കം കിഴക്ക് സി വി സി എസ് ലി. നം. 87<br>3. വക്കം തെക്ക് സി വി സി എസ് ലി. നം. 537<br>4. വക്കം നോർത്ത് വെസ്റ്റ് സി വി സി എസ് ലി. നം. 529<br>5. മണനാക്ക് സി വി സി എസ് ലി. നം. 455<br>6. ചെറുന്നിയൂർ സി വി സി എസ് ലി. നം. 5<br>7. കവലയൂർ സി വി സി എസ് ലി. നം. 126<br>8. നോർത്ത് വെന്നിക്കോട് സി വി സി എസ് ലി. നം. 450<br>9. പൂവത്തുംമൂല സി വി സി എസ് ലി. നം. 896<br>10. താന്നിമൂട് സി വി സി എസ് ലി. നം. 307<br>11. വെട്ടുകാട് സി വി സി എസ് ലി. നം. 621<br>12. പേരേറ്റിൽ സി വി സി എസ് ലി. നം. 123 |

സെക്ഷൻ ഓഫീസർ